## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.574 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| എയർപോർട്ടുകൾക്കു സമീപം മാലിന്യം നിക്ഷേപിക്കുന്നതു മൂലമുള്ള ഭീഷണി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.വി.ഇബ്രാഹിം | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ എയർപോർട്ടുകൾക്കു സമീപം മാലിന്യ നിക്ഷേപം വർദ്ധിക്കുന്നതുമൂലം പെരുകുന്ന പക്ഷികളിൽ നിന്നും വിമാനങ്ങൾക്ക് ഗുരുതര ഭീഷണിയുണ്ടാകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ എയർപോർട്ടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം എയർപോർട്ടിന് സമീപം മാലിന്യം നിക്ഷേപിച്ചിട്ടുള്ള സ്ഥലങ്ങൾ കണ്ടെത്തി കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ മാലിന്യം അടിയന്തിരമായി നീക്കം ചെയ്യുന്നതിനും അപ്രകാരം നീക്കം ചെയ്യുന്ന മാലിന്യം ശുചിത്വമിഷനുമായി ചേർന്ന് അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനും നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് മാലിന്യങ്ങൾ അതാതുദിവസം തന്നെ മാറ്റുന്നതിനുള്ള അടിയന്തിര നിർദ്ദേശം നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സർക്കാരും തദ്ദേശ സ്ഥാപനങ്ങളും സംയുക്തമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | 1. മാലിന്യം ദിനംപ്രതി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.<br>2. നിലവിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യാവശിഷ്ടങ്ങൾ നഗരസഭയും എയർപോർട്ട് അതോറിറ്റിയുമായി ചേർന്ന് അടിയന്തിരമായി നീക്കം ചെയ്യുവാൻ തീരുമാനിച്ചു.<br>3. എയർപോർട്ടിന് ചുറ്റും മാലിന്യം ഉണ്ടാകാതിരിക്കുന്നതിനുള്ള ശാശ്വതപരിഹാര പദ്ധതികൾക്ക് തിരുവനന്തപുരം നഗരസഭയും എയർപോർട്ട് അതോറിറ്റിയും ചേർന്ന് പ്രോജക്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചു.<br>4. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എയർപോർട്ടുകളുടെ പരിസര പ്രദേശത്ത് ഉത്ഭവിക്കുന്ന മാലിന്യം ശാസ്ത്രീയമായി |

| | | | |
|---|---|---|---|
| | | | സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>5. മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. മാലിന്യം വലിച്ചെറിയുകയാണെങ്കിൽ പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിച്ച് വരുന്നു.<br>6. രാത്രികാലങ്ങളിൽ എയർപോർട്ടുകളുടെ ചുറ്റുമുള്ള റോഡുകളിൽ പോലീസിന്റെ നിരീക്ഷണം ശക്തമാക്കാൻ പോലീസ് അധികാരികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ